പതിനാലാം കേരള നിയമസഭ
പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.6407** **21.11.2019-ൽ മറുപടിക്ക്**

**കുണ്ടമൺകടവ് -പേയാട് റോഡ് സഞ്ചാരയോഗ്യമാക്കൽ**

| ചോദ്യം<br>ശ്രീ.കെ.എസ്.ശബരീനാഥൻ | | മറുപടി<br>ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | തിരുവനന്തപുരം ജില്ലയിൽ പൂജപ്പുര മുതൽ കുണ്ടമൺകടവ്-പേയാട് വരെയുള്ള റോഡ് മാസങ്ങളായി സഞ്ചാരയോഗ്യമല്ലാതെ പൊട്ടിപ്പൊളിഞ്ഞു കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | തിരുവനന്തപുരം ജില്ലയിൽ പൂജപ്പുര മുതൽ കുണ്ടമൺകടവ് - പേയാട് വരെയുള്ള റോഡിൽ കേടുപാടുകൾ സംഭവിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിന്റെ നിയന്ത്രണത്തിലുള്ള പ്രസ്തുത റോഡ് നവീകരിക്കുന്നതിന് RICK നെ യാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. എന്നിരുന്നാലും ടി പദ്ധതി നടപ്പിലാക്കുന്നത് വരെയുള്ള കാലയളവിലെ അത്യവശ്യ അറ്റകുറ്റ പണികൾ ചെയ്യുന്നതിനുള്ള ഉത്തരവാദിത്വം പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗത്തിനാണ്. കുണ്ടമൺകടവ് പാലം മുതൽ പേയാട് വരെയുള്ള ഭാഗത്തെ റോഡിന്റെ ബി.എം & ബി.സി പ്രവൃത്തികൾ ചെയ്ത് നവീകരിക്കുന്നതിനുള്ള 4.95 കോടി രൂപയുടെ പ്രവൃത്തി ടെണ്ടർ നടപടികൾ പുരോഗമിച്ചു വരുന്നു. |
| (ബി) | പ്രസ്തുത റോഡിൽ ടാറിംഗ് നടത്തി സഞ്ചാരയോഗ്യമാക്കുന്നതിന് പകരം റോഡിലെ കുഴികൾ അടക്കുവാൻ മണ്ണിട്ടതിന്റെ ഫലമായി പൊടിപടലം മൂലം സ്കൂൾ വിദ്യാർത്ഥികൾ ഉൾപ്പെടെയുള്ള വഴിയാത്രക്കാർക്കും റോഡിന്റെ ഇരുവശങ്ങളിലുമുള്ള കച്ചവടക്കാർക്കും ഉണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കുവാൻ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; | (ബി) | തുടർച്ചയായ മഴമൂലം ഉണ്ടായ കുഴികൾ വാഹന യാത്രക്കാർക്ക് ഭീഷണി ആയതിനെ തുടർന്നാണ് റോഡിലുണ്ടായ കുഴികളിൽ മണ്ണ് ഇടേണ്ടി വന്നത്. വെറ്റ് മിക്സ് മെക്കാടം ഉപയോഗിച്ച് പൂർത്തിയാക്കുന്നതോടുകൂടി പ്രസ്തുത പരാതി പരിഹരിക്കപ്പെടുന്നതാണ്. |

(സി) പ്രസ്തുത റോഡ് ടാറിംഗ് നടത്താത്തത് എന്തുകൊണ്ടാണെന്ന് അറിയിക്കുമോ; റോഡ് എത്രയും വേഗം ടാറിംഗ് നടത്തി സഞ്ചാരയോഗ്യമാക്കുവാൻ വേണ്ട നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

(സി) ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് പ്രസ്തുത റോഡ് ടാർ ചെയ്ത് ഗതാഗതയോഗ്യമാക്കുന്നതാണ്. കൂടാതെ പൂജപ്പുര മുതൽ പളളിമുക്ക് വരെയുളള ഭാഗം ഗതാഗതയോഗ്യമാക്കുന്നതിന് 10 ലക്ഷം രൂപയുടെ പ്രവൃത്തി പുനർ ദർഘാസ് നടപടികളിലാണ്.

സെക്ഷൻ ഓഫീസർ